# പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1970. 17.12.2012 ന് മറുപടിയ്ക്ക്.

## പ്രോജക്റ്റ് സാറ്റർഡേ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പ്രോജക്റ്റ് സാറ്റർഡേ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) ആഫീസ് നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി, ഫയലുകളിൽ തീരുമാനമെടുത്ത്, എല്ലാ ആഴ്ചയിലേയും അവസാന പ്രവൃത്തി ദിവസത്തിൽ പരമാവധി ഫയലുകൾ തീർപ്പ് കൽപ്പിക്കുക, ജീവനക്കാർക്ക് നല്ല അന്തരീക്ഷത്തിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള അവസരം നൽകുക, ആഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുക എന്നിവയാണ് പ്രോജക്റ്റ് സാറ്റർഡേ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) എന്തെല്ലാം നടപടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (ബി) വനം വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പി-ക്കുന്നതിന്റെ ഭാഗമായി ഫയലുകളിന്മേലുള്ള നടപടിക്രമങ്ങൾ എത്രയും കാര്യക്ഷമമായും വേഗത്തിലും പൂർത്തിയാക്കി മികവുറ്റ സേവനം കാഴ്ച വെയ്ക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ആഴ്ചയുടേയും അവസാന പ്രവൃത്തിദിനം ഉച്ചയ്ക്കുശേഷം വനംവകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും ഓഫീസ് മേധാവി ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും കൂട്ടായി പ്രത്യേക ശ്രദ്ധ ചെലുത്തി പരമാവധി ഫയലുകളിൽ തീർപ്പ് കൽപ്പിക്കുവാനും ആഫീസും പരിസരവും ചിട്ടയായും, വെടിപ്പായും സൂക്ഷിച്ച് ജോലി ചെയ്യുന്ന സാഹചര്യം ഉറപ്പുവരുത്തുവാനുമുള്ള നടപടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| (സി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ? | (സി) പ്രോജക്ട് സ്റ്റാറ്റർഡ്രേ പദ്ധതി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുകയും ആഴ്ചതോറും നടക്കുന്ന അവലോകന യോഗത്തിൽ അതാത് ആഴ്ചയിലെ പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നു. കൂടാതെ ഓരോ ജില്ലകളിലേയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പാസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. അപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഓരോ ജില്ലയിലേയും ഡിവിഷൻ/റെയിഞ്ച് ഓഫീസുകളിലെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടുകൾ വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.